ഭരണഭാഷ-മാതൃഭാഷ

ICDS/B1-7835/2021

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :24.08.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് മിഷൻ - ന്യൂട്രിഷൻ ക്ലിനിക്കിന്റെ പ്രവർത്തനം നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന (1) : ഈ കാര്യാലയത്തിലെ 21.10.2020 തിയതിയിലെWCD/NNM2/5805/2020 നമ്പർ നടപടി ക്രമം.

(2) : ഈ കാര്യാലയത്തിലെ 08.07.2021 തിയതിയിലെ ICDS/B1-7835/21 നമ്പർ കത്ത്

സംസ്ഥാനത്തിലെ 6 കോർപ്പറേഷൻ പരിധികളിലും 152 ബ്ലോക്കുകളിലുമായി 158 ICDS /SPC കളിൽ "ന്യൂട്രിഷൻ & പാരന്റിംഗ് ക്ലിനിക് " പദ്ധതി നടപ്പിലാക്കി വരുന്നു . ജൂലൈ 2021 മുതൽ കോവിഡ് -19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ന്യൂട്രീഷൻ ക്ലിനിക്കിന്റെ പ്രവർത്തനം പുനഃരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു . എന്നാൽ വിവിധ കാരണങ്ങളാൽ എല്ലാ ബ്ലോക്ക്/കോർപ്പറേഷനുകളിലും ക്ലിനിക്കിന്റെ പ്രവർത്തനം പുനഃരാരംഭിച്ചിട്ടില്ല. സംസ്ഥാനത്തിലെ 158 ICDS/SPC കളിലും ന്യൂട്രിഷൻ & പാരന്റിംഗ് ക്ലിനിക് പദ്ധതി പുനഃരാരംഭിക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. "ന്യൂട്രിഷൻ & പാരന്റിംഗ് ക്ലിനിക് " പദ്ധതി പുനഃരാരംഭിച്ചിട്ടില്ലാത്ത ബ്ലോക്ക് / കോർപ്പറേഷൻ പരിധികളിൽ കോവിഡ് -19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ സ്വീകരിക്കേണ്ടതും ആയത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

2. ന്യൂട്രീഷനിസ്റ്റ് നിയമനത്തിനായി നടത്തിയിട്ടുള്ള interview ഷോർട്ട് ലിസ്റ്റിൽ ആരും തന്നെ ഇല്ലാത്ത ജില്ലകളിൽ അടിയന്തിരമായി അപേക്ഷകൾ ക്ഷണിച്ച് യോഗ്യരായ ന്യൂട്രീഷനിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇന്റർവ്യൂ നടത്തുന്നതിന് സൂചന (1) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ന്യൂട്രീഷനിസ്റ്റുമാർ രാജിവെക്കുന്ന ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നിലവിലെ റാങ്ക് ലിസ്റ്റിൽ ആളില്ലാത്ത പക്ഷം ജില്ലയിലെ മറ്റ് പ്രോജക്ടുകളിലെ ന്യൂട്രീഷനിസ്റ്റുമാരുടെ സേവനം ഒഴിവുള്ള ക്ലിനിക്കുകളിലേക്ക് കൂടി താൽക്കാലികമായി ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

4. ന്യൂട്രീഷനിസ്റ്റുമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിനുള്ള ഫണ്ടിന്റെ വിശദാംശവും monthly progress report ഉം എല്ലാ മാസവും 2-ാം തിയതിക്കകം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും ക്രോഡീകരിച്ച് പ്രോഗ്രാം ഓഫീസർ സമർപ്പിക്കേണ്ടതാണ്.

5. ന്യൂട്രീഷനിസ്റ്റുമാരുടെ Roles &Responsibility പാലിച്ചിട്ടുണ്ടെന്ന് CDPO മാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

S.N. SIVANYA
Joint Director
Women and Child Development Department
Thiruvananthapuram - 695012